കാരത്തോടെ ഒരു ബൈബിൾ വിവർത്തനം മലയാളത്തിൽ പ്രകാശിതമായതു് 1964-ൽ മാത്രമാണു്.

ഇന്ത്യയിൽ ബൈബിൾ സൊസൈററിയുടെ കേന്ദ്ര ആപ്പീസ് ഇപ്പോൾ ബാംഗ്ലൂരിലാകുന്നു. ഇതിനു പതിമ്മൂന്നു ശാഖകളുണ്ടു്; ഡിമാപൂർ, ജബൽപൂർ എന്നിവിടങ്ങളിൽ രണ്ടു ശാഖകൾകൂടി ഈയാണ്ടിൽ തുറക്കുന്നതാണു്.

പല ഭാഷകളിലും ബൈബിൾ വിവർത്തനങ്ങൾ ആവശ്യപ്പെട്ടു് പലരും ബൈബിൾ സൊസൈററിയെ സമീപിക്കുന്നുണ്ടു്. ഈയിടെ പേഴ്സ്യൻ ഭാഷയിലുള്ള വിവർത്തനത്തിന്റെ ഇരുപതു പ്രതികൾ ആവശ്യപ്പെട്ട ഒരാൾ സൊസൈററിയുടെ ദില്ലി ആഫീസിൽ ചെന്നു. പേഴ്സ്യൻ ഭാഷയിൽ ബൈബിളിന്റെ വിവർത്തനം അച്ചടിച്ചിട്ടുണ്ടു്. പക്ഷേ, അത്രയും പ്രതികൾ ഉടൻ നൽകാൻ സൊസൈററിക്കു കഴിഞ്ഞില്ല. മററു രാജ്യങ്ങളിൽനിന്നു് അത്രയും പ്രതികൾ വരുത്തുകയേ നിർവാഹമുണ്ടായിരുന്നുള്ളൂ.

ബൈബിൾ സൊസൈററിക്കു പുറമേ, മററു പലരും ബൈബിളിന്റെ വിവർത്തനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. ഈ വിവർത്തനങ്ങൾ തമ്മിൽ സൂക്ഷ്മങ്ങളായ പല വ്യത്യാസങ്ങളും കാണാം.

മലയാളത്തിൽ ബൈബിളിന്റെ രണ്ടു വിവർത്തനപ്രയത്നങ്ങളിൽ സഹകരിക്കാൻ എനിക്കു് അവസരം ലഭിച്ചിട്ടുണ്ടു്. പ്രൊഫസർ മൂളിയിൽ വിവർത്തനംചെയ്ത 'പുതിയ നിയമ'ത്തിന്റെ കൈയെഴുത്തുപ്രതി വിവർത്തകൻ എന്നെ വായിച്ചു കേൾപ്പിക്കുകയുണ്ടായി. വളരെ വർഷങ്ങളായി കേരളത്തിൽനിന്നു് അകന്നുനില്ക്കുകയായിരുന്ന അദ്ദേഹത്തിന്റെ ഭാഷ മിനുക്കി ആധുനിക മലയാള ശൈലിക്കു് അനുസൃതമാക്കുകയായിരുന്നു അദ്ദേഹം എന്നെ ഏല്പിച്ച കൃത്യം. ഈ കർത്തവ്യം ഞാൻ സസന്തോഷം ഏറെറടുത്തു. പിന്നീടു് 1978 മുതൽ 1983വരെയുള്ള അഞ്ചു വർഷങ്ങൾക്കിടയിൽ ഒരു പണ്ഡിതസംഘം നിർവഹിച്ചതും പാലായിൽനിന്നു് ജോസഫ് പുലിക്കുന്നേൽ പ്രസിദ്ധീകരിച്ചതുമായ 'മലയാളം ബൈബിൾ' പദാനുപദം വായിച്ചു്, പലേടത്തും ഇംഗ്ലീഷിലെ വ്യത്യസ്ത വിവർത്തനങ്ങളുമായി താരതമ്യപ്പെടുത്തി, വേണ്ട തിരുത്തലുകൾ വരുത്താനും ഞാൻ നിയോഗിക്കപ്പെട്ടു. ബൈബിൾ ആഴത്തിൽ പഠിക്കാൻ ലഭിച്ച ഈ അവസരങ്ങളെ ഞാൻ ഏററവും വിലമതിക്കുന്നു.

(20 ഏപ്രിൽ, 1986)

## 72. എഴുത്തുകാരെപ്പററി ഒരു പഠനം

എഴുത്തിൽനിന്നുള്ള വരുമാനത്തെ മാത്രം ആശ്രയിച്ചു ജീവിക്കുന്ന എത്ര പേരുണ്ടു് കേരളത്തിൽ?

കൊച്ചി സർക്കാർ നൽകിയിരുന്ന നാമമാത്രമായ പെൻഷൻ ഒഴിവാക്കിയാൽ, മഹാകവി വള്ളത്തോളിനു് എഴുത്തിൽനിന്നുള്ള വരുമാനമേ പറയത്തക്കതായി, ഉണ്ടായിരുന്നുള്ളു. ജീവിതത്തിൽ ഇരുപത്തിയഞ്ചു വർഷങ്ങളിലെങ്കിലും പൊറെറക്കാട്ടു് സ്വന്തം പേനയെ മാത്രം ആശ്രയിച്ചാണു് കഴിഞ്ഞുകൂടിയതു്. റേഡിയോവിൽ ജോലി കിട്ടുന്നതിനു മുമ്പും അതു നഷ്ടപ്പെട്ടതിനുശേഷവും കേശവദേവ് എഴുത്തിൽനിന്നുള്ള വരുമാനംകൊണ്ടു മാത്രം ജീവിച്ചു. പുസ്തകക്കച്ചവടക്കാരനായിരുന്ന

ചുരുക്കം ചില നാളുകളിലൊഴിച്ചാൽ ബഷീറും എഴുത്തിൽനിന്നുള്ള വരുമാനം മാത്രം ആശ്രയിച്ചാണ് ജീവിതം നിർവഹിച്ചുവന്നിട്ടുള്ളതു്.

എഴുത്തിനെ മാത്രം അവലംബിച്ചു്, വളരെയൊന്നും അരിഷ്ടിക്കാതെ ജീവിക്കുന്ന കേരളീയർ ഇനിയുമുണ്ടായിരിക്കാം. പക്ഷേ, അവരുടെ എണ്ണം പരിമിതമാണ്. കേരളീയരായ മിക്ക സാഹിത്യകാരന്മാർക്കും സ്ഥിരമായ മാസവരുമാനമുള്ള അദ്ധ്യാപനം, പത്രപ്രവർത്തനം, സർക്കാർ സേവനം മുതലായ മററു തൊഴിലുകൾക്കു പുറമേ; ഒരു 'ലഘുസമ്പാദ്യ പദ്ധതി' മാത്രമാണ് എഴുത്തു്. സാമ്പത്തിക വരുമാനത്തിലേറെ പ്രശസ്തിയാണ് നമ്മുടെ സാഹിത്യകാരന്മാരെ എഴുത്തിന്റെ ക്ലേശകരമായ മാർഗത്തിലൂടെ മുന്നോട്ടു നയിക്കുന്നതു്. 'കാവ്യം യശസേ' എന്നു തന്നെ ആദ്യം; 'അർത്ഥകൃതേ' എന്നതിനു സ്ഥാനം ഒടുവിൽ മാത്രം.

മററു രാജ്യങ്ങളിലും സ്ഥിതി വ്യത്യസ്തമല്ലെന്നാണ് കരുതേണ്ടതു്. സാഹിത്യത്തിൽനിന്ന് പര്യാപ്തമായ വരുമാനം കേരളീയർക്കു ലഭിക്കാത്തതു്, അവർ പരിമിതമായ പ്രചാരം മാത്രമുള്ള ഒരു ഭാഷയിൽ എഴുതുന്നതുകൊണ്ടോ, അത്യന്തദരിദ്രമായ ഒരു രാജ്യത്തു ജീവിക്കുന്നതുകൊണ്ടോ ആയിക്കൊള്ളണമെന്നില്ല. അനുഗ്രഹത്തിൽ അത്യന്തം പിശുക്കു കാണിക്കുന്ന ഒരു ദേവതയാണ്, എവിടെയും, സാഹിതി. സരസ്വതിയും ലക്ഷ്മിയും എന്നേ കലഹിച്ചു പിരിഞ്ഞിരിക്കുന്നു.

അത്യന്തം സമ്പന്നമായ പശ്ചിമ ജർമ്മനിയിൽ, എഴുത്തിൽനിന്നുള്ള വരുമാനത്തെ മാത്രം അവലംബിച്ചു ജീവിക്കുന്ന സാഹിത്യകാരന്മാർ തുലോം കുറവാണെന്ന് ഈയിടെ നടത്തിയ ഒരു പഠനത്തിൽ വെളിപ്പെടുകയുണ്ടായി. ധാരാളം എഴുത്തുകാർ പാർത്തുവരുന്ന കൊളോൺ നഗരത്തിലാണ് ഈ പഠനം നടത്തപ്പെട്ടതു്. കൊളോൺ സർവകലാശാലയിലെ സാമൂഹ്യപഠന—ഗവേഷണവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ, പഠനത്തിന് ആവശ്യമായ വിവരങ്ങൾ നൂററിനാല്പത്തൊമ്പതു് എഴുത്തുകാരുമായി അഭിമുഖസംഭാഷണം നടത്തി പതിനഞ്ചു് ഗവേഷകന്മാർ സംഭരിച്ചു. ഓരോ എഴുത്തുകാരോടും അവർ നൂററഞ്ചു ചോദ്യങ്ങൾവീതം ചോദിച്ചു. എഴുത്തുകാർ ഈ പഠനത്തിൽ പൂർണമായി സഹകരിക്കുകയും സത്യസന്ധമായി മറുപടി പറയുകയുംചെയ്തു. അങ്ങനെ കിട്ടിയ ഉത്തരങ്ങൾ കമ്പ്യൂട്ടറിലൂടെ സംസ്കരിച്ചെടുത്തു. സമൃദ്ധമായ ഈ സാമഗ്രിയിൽനിന്ന് ഉദ്ഭവിക്കുന്ന നിഗമനങ്ങൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുവാൻ ശ്രമം നടന്നുവരികയാണ്.

നാലു് വലിയ പ്രക്ഷേപണസ്ഥാപനങ്ങൾ ഉള്ള കൊളോൺ നഗരത്തിൽ ധാരാളം എഴുത്തുകാർ താമസമാക്കിയിട്ടുണ്ടു്. ഇതായിരുന്നു പഠനത്തിന് ആ നഗരം തിരഞ്ഞെടുത്തതിന്റെ കാരണം. പഠനത്തിൽനിന്ന് ഉരുത്തിരിഞ്ഞു കിട്ടിയ ചില മുഖ്യ വസ്തുതകൾ താഴെ ചേർക്കുന്നു:

കൊളോൺ നഗരത്തിലെ എഴുത്തുകാരിൽ മൂന്നിലൊരു ഭാഗത്തിന് (33.3 ശതമാനത്തിന്) എഴുത്തിൽനിന്ന് ഒരു വരുമാനവും ലഭിക്കുന്നില്ല.

എഴുത്തുകാരിൽ പകുതിയിലധികംപേരുടെ മൊത്തം മാസവരുമാനത്തിൽ പതിനൊന്നിൽ താഴെ മാത്രമാണ് എഴുത്തിൽനിന്നുള്ള വരുമാനം.

എഴുപത്തേഴ ശതമാനം എഴുത്തുകാർക്കും എഴുത്തിൽനിന്നുള്ള വരുമാനം പ്രതിമാസ സമ്പാദ്യത്തിന്റെ പകുതിയിൽതാഴെ മാത്രമാണ്.

മുപ്പതു ശതമാനം എഴുത്തുകാർക്കും വാർദ്ധക്യകാലത്തു് പെൻഷനോ, ഇൻഷ്വറൻസ് സംരക്ഷണമോ കിട്ടാൻ അർഹതയില്ല.

കൊളോൺ നഗരത്തിലെ പ്രസിദ്ധരല്ലാത്ത എഴുത്തുകാരുടെ വരുമാനം ആ പ്രദേശത്തിലെ സാധാരണക്കാരുടെ ശരാശരി വരുമാനത്തേക്കാൾ താഴെയാണ്. പഠനത്തിനു വിധേയരാക്കപ്പെട്ട എഴുത്തുകാരിൽ

പകുതിയിലേറെപ്പേരും അപ്രസിദ്ധരാണുതാനും. സാമൂഹ്യമായി മെച്ചപ്പെട്ടതൊന്നുമല്ല അവരുടെ പദവി. അവർക്ക് തങ്ങളെപ്പററി ശരിയായ വിവരമോ, മററ് എഴുത്തുകാരുമായി സൗഹാർദമോ കുറവാണെന്ന്, ഈ പഠനം നടത്തിയ ഗവേഷകർ കണ്ടെത്തി.

എഴുതി പ്രസിദ്ധി നേടുക, ജർമനിയിൽ, എളുപ്പമുള്ള പണിയല്ല. ദീർഘകാലം കഠിനമായി അദ്ധ്വാനിച്ചാൽ മാത്രമേ ഒരാൾക്ക് അവിടെ സാഹിത്യരംഗത്ത് ഉയർന്നുവരാൻ കഴിയുകയുള്ളു. 'പ്രസിദ്ധർ' എന്ന് വിവരിക്കപ്പെടാവുന്ന ജർമൻ എഴുത്തുകാരെല്ലാം നാല്പതു വയസ്സിനു മുകളിലുള്ളവരാണ്. സാഹിത്യത്തിലെ വൃദ്ധാധിപത്യം ഒരു സാർവലൗകിക പ്രതിഭാസമാകുന്നു.

എഴുത്തുകാർക്ക് നിശ്ചിത പ്രതിഫലം നൽകി, അവരെക്കൊണ്ട് നിശ്ചിത ജോലി ചെയ്യിക്കുന്ന സ്ഥാപനങ്ങൾ ഇപ്പോൾ ജർമ്മനിയിൽ കുറവാണ്. അവിടെ ഇപ്പോൾ സാഹിത്യ—ആനുകാലികങ്ങളുടെ കാലമാണത്രേ. ആനുകാലികങ്ങൾക്ക് എഴുത്തുകാർ തങ്ങളുടെ കൃതികൾ അയച്ചുകൊടുക്കുന്നു. സ്വീകരിക്കപ്പെട്ടവയ്ക്ക് യഥായോഗ്യം പ്രതിഫലം ലഭിക്കുന്നു. സ്വീകരിക്കപ്പെടാത്ത രചനകൾ തിരിച്ചുകിട്ടുന്നു. അവ മററ് ആനുകാലികങ്ങൾക്ക് സ്വീകാര്യമാകുമോ എന്നു നോക്കലാണ് പിന്നെ. നമ്മുടെ സാഹിത്യരംഗത്തു കാണുന്ന അതേ ഭാഗ്യപരീക്ഷതന്നെ!

മററ് എഴുത്തുകാർ എഴുതുന്ന കൃതികൾ ജർമ്മൻ എഴുത്തുകാർ വായിക്കാറുണ്ടോ? ഒരു ശരാശരി ജർമ്മൻ എഴുത്തുകാരൻ ആണ്ടിൽ ഇരുപത്തിനാലു പുതിയ പുസ്തകങ്ങൾ വായിക്കുന്നുണ്ടെന്നാണ് ഈ പഠനത്തിൽ കണ്ടത്. കേരളത്തിലെ എഴുത്തുകാരുടെ വായനശീലം ഇതിനേക്കാൾ ഭേദമോ, മോശമോ?

യൂറോപ്പിൽ സാഹിത്യകാരന്മാർ പൊതുയോഗങ്ങളിൽ പ്രസംഗിക്കുന്നത് കുറവാണ്. പകരം അവർ ചെറുസമ്മേളനങ്ങളിൽ തങ്ങളുടെ കൃതികൾ വായിച്ചു കേൾപ്പിക്കുന്നു. ഏതാണ്ട് നമ്മുടെ കവിസമ്മേളനങ്ങൾപോലെതന്നെ. പക്ഷേ, ഗദ്യകൃതികളും അവർ സമ്മേളനങ്ങളിൽ വായിച്ചു കേൾപ്പിക്കാറുണ്ട്. കൊളോണിലെ സാഹിത്യകാരന്മാർ ഇത്തരം 'വായനസമ്മേളന'ങ്ങളിൽ ശരാശരി ആണ്ടിൽ രണ്ടുതവണ മാത്രം പങ്കെടുത്ത്, മററ് എഴുത്തുകാർ സ്വന്തം രചനകൾ വായിക്കുന്നതു കേൾക്കുന്നു. തങ്ങളുടേതായ ദന്തഗോപുരങ്ങളിൽ അടച്ചിരിക്കാനാണ് കൊളോണിലെ എഴുത്തുകാർക്കു കൂടുതൽ താല്പര്യമെന്നു തോന്നുന്നു. ജർമ്മൻ എഴുത്തുകാർ സമ്മേളിക്കുന്നത് അപൂർവമായി മാത്രമാകുന്നു. കൊളോണിലെ സാഹിത്യസംഘടനകളിൽ ഏററവും വലുത് ജർമൻ എഴുത്തുകാരുടെ സംഘടനയാണ്. അംഗങ്ങളിൽ മൂന്നിലൊരു ഭാഗം മാത്രമേ ഈ സംഘടനയുടെ യോഗങ്ങളിൽ ഹാജരാകാറുള്ളു.

ജർമനിയിലെ എഴുത്തുകാരിൽ മതവിശ്വാസികൾ കുറയും. 1984—ൽ കൊളോൺ നിവാസികളിൽ 16.9 ശതമാനം പേർ ഒരു മതവിഭാഗത്തിലും അംഗങ്ങളായിരുന്നില്ല. അതേസമയം കൊളോണിലെ സാഹിത്യകാരന്മാരിൽ ഒരു മതവിഭാഗത്തിലും പെടാത്തവരുടെ ശതമാനം 41—ൽ അധികമായിരുന്നു. ധാരാളം ദൈവാലയങ്ങളുള്ളതും പ്രബലമായ റോമൻ കത്തോലിക്ക പാരമ്പര്യമുള്ളതുമായ ഒരു നഗരമാണ് കൊളോൺ. എഴുത്തുകാരുടെ നല്ല ഒരു വിഭാഗം, ഒരുപക്ഷേ, മതത്തിനുപകരം സാഹിത്യംകൊണ്ട് ആത്മതുഷ്ടി നേടുന്നുണ്ടായിരിക്കാം.

കൊളോണിലെ എഴുത്തുകാർക്ക് സാഹിത്യരചനയിൽ എവിടെനിന്നെങ്കിലും മാർഗദർശനം ലഭിക്കുന്നുണ്ടോ? ഒരു പുസ്തകം രചിക്കുന്നതിനിടയ്ക്ക്, പ്രയാസമേറിയ ഒരു വിഷയത്തെപ്പററി എഴുതേണ്ടിവരുമ്പോൾ, അവർ ആരുടെ സഹായമാണ് തേടുന്നത്? സ്വന്തം കൃതികളെ

പ്പററി ആരുടെ വിമർശനത്തിനാണ് അവർ ഏററവുമധികം വില കല്പിക്കുന്നത്?

പാശ്ചാത്യരാജ്യങ്ങളിൽ 'ലിററററി ഏജൻറുമാർ' എന്നൊരു കൂട്ടക്കാർ ഉണ്ട്. നിശ്ചിത ഫീസ് വാങ്ങി ഇവർ എഴുത്തുകാർക്ക് ഉപദേശങ്ങൾ നൽകുകയും അവരുടെ കൈയെഴുത്തുപ്രതികൾ വായിച്ചുനോക്കി തിരുത്തുകയുംചെയ്യുന്നു. കൈയെഴുത്തു പ്രതികൾ ആനുകാലികങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനും പുസ്തകരൂപത്തിൽ പ്രകാശിപ്പിക്കുന്നതിനും ഇടനിലക്കാരായി ഇവർ പ്രവർത്തിക്കുന്നു. ഈ സേവനത്തിനു പ്രതിഫലമായി, എഴുത്തുകാരൻെറ റോയൽററിയിൽ ഒരു നിശ്ചിത ശതമാനം 'കമ്മീഷൻ' ആയി ഇവർ കൈപ്പററുന്നു.

ഇത്തരം ലിററററി ഏജൻറുമാരുടെ സേവനം ഉപയോഗപ്പെടുത്തുന്ന എഴുത്തുകാർ കൊളോൺ നഗരത്തിൽ കുറവാണ്. സാഹിത്യരചനയിൽ തങ്ങളുടെ ഭാര്യമാരിൽനിന്നോ, ഭർത്താക്കന്മാരിൽനിന്നോ സഹായം തേടുന്നവർ ആണ് എഴുത്തുകാരിൽ പന്ത്രണ്ടു ശതമാനത്തോളം. പതിനെട്ടു ശതമാനത്തോളം എഴുത്തുകാർ തങ്ങളുടെ സുഹൃത്തുക്കളെയാണ് സാഹിത്യസഹായത്തിനു സമീപിക്കുന്നത്. ആറു ശതമാനത്തിൽ കൂടുതൽ എഴുത്തുകാർക്ക് മററ് എഴുത്തുകാർ ഇത്തരം സഹായം നൽകുന്നു. പന്ത്രണ്ടു ശതമാനത്തിൽ താഴെ സാഹിത്യകാരന്മാരെ ഉപദേശിക്കുന്നത് പ്രസാധകരുടെ ശമ്പളം വാങ്ങുന്ന ഉപദേഷ്ടാക്കൾ (റീഡർമാർ) ആണ്. വിമർശകർ തങ്ങളുടെ കൃതികളെപ്പററി എന്തു പറയുന്നു എന്ന് ശ്രദ്ധിക്കുന്നവർ കൊളോണിലെ സാഹിത്യകാരന്മാരുടെ ഒമ്പതു ശതമാനം മാത്രമാകുന്നു. പൊതുസമ്മേളനങ്ങളിൽ തങ്ങൾ ഹാജരായി കൃതികൾ നേരിട്ടു വായിച്ചപ്പോൾ സദസ്സ് എങ്ങനെ പ്രതികരിച്ചു എന്ന് ശ്രദ്ധിക്കുന്നവർ, കൊളോണിലെ സാഹിത്യകാരന്മാരിൽ, മൂന്നു ശതമാനത്തിൽ താഴെ മാത്രമാണ്.

സാഹിത്യകാരന്മാർ ഒന്നിച്ചുചേർന്നു ചർച്ച നടത്തുന്ന ചെറിയ ഗ്രൂപ്പുകൾ, കോഫീഹൗസുകൾ മുതലായവയുടെ പ്രാധാന്യവും കൊളോൺ നഗരത്തിൽ കുറഞ്ഞുവരികയാണത്രേ.

കേരളത്തിലെ സാഹിത്യകാരന്മാർക്കിടയിൽ ഇത്തരമൊരു പഠനം നടത്തുവാൻ കേരളസർവകലാശാലയിലെ സോഷ്യോളജി വിഭാഗമോ, മാസ് കമ്മ്യൂണിക്കേഷൻ വിഭാഗമോ, രണ്ടും ചേർന്നോ, ഒരു പദ്ധതി ഉണ്ടാക്കുന്നതു നന്നായിരിക്കും. വളരെയധികം എഴുത്തുകാർ പാർക്കുന്ന തിരുവനന്തപുരം നഗരത്തിൽ കേന്ദ്രീകരിച്ചാവാം ഈ പഠനം. സംസ്ഥാനത്തിൻെറ നിലവാരം ഉയർത്തുകയെന്നത് തങ്ങളുടെ ലക്ഷ്യങ്ങളിലൊന്നായി സർക്കാർ അംഗീകരിച്ചിട്ടുണ്ടല്ലോ. അക്കാദമികളിലൂടെയും സംസ്കാരവകുപ്പിലൂടെയും മററു വിധത്തിലും ഖജനാവിലെ കുറെയധികം പണം ഈ ലക്ഷ്യം മുൻനിർത്തി ആണ്ടുതോറും സർക്കാർ ചെലവഴിക്കുന്നുമുണ്ട്. ഈ ചെലവുകൊണ്ട് എന്തുമാത്രം പ്രയോജനം ഉണ്ടാകുന്നു? ഈ പ്രയോജനം ഇന്നത്തേതിൽ അധികമാക്കുവാൻ കഴിയുമോ? എഴുത്തുകാരുടെ മാനസിക ചക്രവാളം വിപുലമാക്കുന്നതിനും, സാങ്കേതിക വൈദഗ്ധ്യം വികസിപ്പിക്കുന്നതിനും, നല്ല രചനകൾക്ക് മാർക്കററ് കണ്ടുപിടിക്കുന്നതിനും അത്ര നല്ലതല്ലാത്ത രചനകളെ തേച്ചുമിനുക്കി കൂടുതൽ മെച്ചമാക്കുന്നതിനും, ഒക്കെ, കേരളത്തിൽ ഇന്ന് വല്ല സാമൂഹ്യ സംവിധാനവും ഉണ്ടോ? ഉള്ള സംവിധാനത്തിൻെറ പ്രവർത്തനം കാര്യക്ഷമമാണോ? അതു കുറേക്കൂടി കാര്യക്ഷമമാക്കുവാൻ സാധിക്കുമോ?

ഇത്തരം കാര്യങ്ങളിലേക്ക് ആഴത്തിൽ ഇറങ്ങുന്ന ഒരു ആധികാരിക

പഠനം ഉണ്ടാവുന്നതു് തീർച്ചയായും പ്രയോജനകരം ആയിരിക്കും. കൊളോൺ പഠനത്തെ ഇതിനു മാതൃകയായി സ്വീകരിക്കാവുന്നതാണു്.

(വസ്തുതകൾക്കു് ആധാരം : ആഗസ്റ്റ് 10—ലെ 'ജർമൻ ട്രൈബ്യൂണി'ൽ ഉദ്ധരിച്ച ഒരു ലേഖനം.)

(19 ആഗസ്റ്റ്, 1986)

# 73. ദ്വാരകയെപ്പററി

ഇന്ത്യയുടെ രണ്ടു് ഇതിഹാസങ്ങളാണു് രാമായണവും മഹാഭാരതവും. 'ഇതിഹാസം' എന്ന വാക്കിനു് അർത്ഥം പുരാവൃത്തം (പണ്ടു നടന്ന കാര്യം) എന്നാകുന്നു. രാമായണത്തിലും മഹാഭാരതത്തിലും വിവരിക്കുന്ന സംഭവങ്ങൾ, ജനതയുടെ ഓർമ്മയ്ക്കപ്പുറമുള്ള ഏതോ കാലത്തു യഥാർത്ഥത്തിൽ നടന്നവയാണോ?

രാമായണത്തിലെ കഥാനായകൻ അയോദ്ധ്യാധിപതി ആയിരുന്ന രാമൻ ആണല്ലോ. സൂര്യവംശരാജാവായ രാമൻെറ ജീവിതവുമായി ബന്ധപ്പെട്ട അയോദ്ധ്യ, മിഥില, പഞ്ചവടി മുതലായ സ്ഥലങ്ങൾ ഇന്നും ജനങ്ങൾ തിരിച്ചറിയുന്നുണ്ടു്. കിഷ്കിന്ധ, ലങ്ക മുതലായ സ്ഥലങ്ങൾ സംബന്ധിച്ച് ഗവേഷകർക്കിടയിൽ തർക്കമുണ്ടു്. രാമായണകഥയിലെ കാതലായ അംശങ്ങൾ, രാമൻെറ വനവാസവും രാവണനോടുള്ള യുദ്ധവും, സത്യത്തിൽ സംഭവിച്ചവ ആയിക്കൂടായ്കയില്ല.

ചന്ദ്രവംശരാജാക്കന്മാർ തമ്മിൽ നടന്ന വലിയ ഒരു യുദ്ധത്തെ വിവരിക്കുന്ന മഹാഭാരതത്തിലെ കഥാനായകൻ കൃഷ്ണനാണു്. ഉത്തരപ്രദേശിലെ 'മഥുര' എന്ന പട്ടണത്തിൽ കൃഷ്ണൻ പിറന്ന സ്ഥലം ഇപ്പോഴും ജനങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ടു്. അമ്മാമനായ കംസനെ കൃഷ്ണൻ നിഗ്രഹിച്ചതിൻെറ പകവീട്ടുവാനായി, ബീഹാറിലെ 'ഗിരിവ്രജ'ത്തിൽ നാടുവാണിരുന്ന ജരാസന്ധൻ—ഇദ്ദേഹം കംസൻെറ ശ്വശുരനായിരുന്നു—പതിനെട്ടു തവണ മഥുരയ്ക്കെതിരെ പടയെടുപ്പു നടത്തി. ജരാസന്ധൻെറ പതിനെട്ടാമത്തെ ആക്രമണം നടന്ന സമയത്തുതന്നെ വലിയ ഒരു യവന (മ്ലേച്ഛ) സൈന്യവും മഥുരയെ ഉപരോധിച്ചു. അതിനാൽ കൃഷ്ണൻ തൻെറ തലസ്ഥാനം പടിഞ്ഞാറെ കടലിലുള്ള ദ്വീപു് ആയ 'ദ്വാരക'യിലേക്കു മാററി. ദ്വാരകയെപ്പററിയുള്ള വിസ്തൃതവർണ്ണനകൾ പുരാണങ്ങളിലും ഇതിഹാസങ്ങളിലും കാണാം. കൃഷ്ണൻ മരിച്ചതിനുശേഷം ദ്വാരക കടലിൽ മുങ്ങിപ്പോയി.

> ദ്വാരകാം ഹരിണാത്യക്താം
> സമുദ്രോ ƒ പ്ലാവയൽ ക്ഷണാൽ
> വർജയിത്വാ മഹാരാജ,
> ശ്രീമദ് ഭഗവദാലയം.

(അല്ലയോ മഹാരാജാവേ, കൃഷ്ണൻ ഉപേക്ഷിച്ചുപോയ ദ്വാരക ക്ഷണനേരംകൊണ്ടു സമുദ്രത്തിൽ മുങ്ങിപ്പോയി. എന്നാൽ, ഭഗവാൻെറ ഭവനം മാത്രം അപ്പോഴും വെള്ളത്തിൽ ആഴ്ന്നില്ല) എന്നു ഭാഗവതപുരാണകാരൻ ഇക്കാര്യം സംക്ഷേപിക്കുന്നു.

മഹാഭാരതത്തിൽ പേരെടുത്തു പറയുന്ന മിക്ക സ്ഥലങ്ങളും ഇപ്പോഴും തിരിച്ചറിയപ്പെടുന്നുണ്ടു്. ചരിത്രത്തിൻെറ കുത്തിയൊഴുക്കിൽ ഈ സ്ഥലങ്ങൾക്കെല്ലാം വമ്പിച്ച മാററം വന്നിരിക്കുന്നു. ഈ പ്രദേശങ്ങളിൽ